**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5185 — 30.06.2014 ന് മറുപടിയ്ക്ക്.

**മുളങ്കുഴി എക്കോ ടൂറിസം സെന്റർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷൻ അതിർത്തിയിൽപ്പെട്ട മുളങ്കുഴി വന സംരക്ഷണ സമിതിയുടെ കീഴിൽ പ്രവർത്തിക്കുന്ന മുളങ്കുഴി ഇക്കോ ടൂറിസം സെന്ററിൽ 2012 ഡിസംബറിൽ എൻ.സി.സി. കേഡറ്റുകൾ മുങ്ങിമരിച്ചതിനെത്തുടർന്ന് പ്രവേശനം നിരോധിച്ചത് പുനരാരംഭിക്കുന്നതിനാവശ്യമായ അനുവാദം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ; | (എ) കേരള-ലക്ഷദ്വീപ് എൻസി.സി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ 22 കേരള ബറ്റാലിയൻ മലയാറ്റൂരിൽ സംഘടിപ്പിച്ച എൻ.സി.സി. ദേശീയ ട്രക്കിംഗ് ക്യാമ്പിലെ അംഗങ്ങൾക്ക് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം)ന്റെ 20.10.2012-ലെ Pro(6)-24670/12 നമ്പർ ഉത്തരവ് പ്രകാരം മലയാറ്റൂർ ഡിവിഷനിലെ വനമേഖലയിൽ ട്രക്കിംഗ് നടത്തുന്നതിന് അനുവാദം നൽകിയിരുന്നു. അപ്രകാരം 26.12.2012-ൽ മുളങ്കുഴി മഹാഗണി ഇക്കോടൂറിസം പോയിന്റിൽ ട്രക്കിംഗ് നടത്തുവാനായി എത്തിച്ചേർന്ന 26 എൻ.സി.സി കേഡറ്റുകളും അവരുടെ ഓഫീസർമാരും അടങ്ങുന്ന സംഘത്തിൽ പെട്ട ചില കേഡറ്റുകൾ സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള അപകട മുന്നറിയിപ്പ് അവഗണിച്ചുകൊണ്ട് നദിയിൽ ഇറങ്ങുകയും ഏകദേശം 50 മീറ്റർ ദൂരം മണൽപ്പരപ്പിലൂടേയും, വീണ്ടും 50 മീറ്റർ ദൂരം മുട്ടോപ്പം വെള്ളത്തിലൂടേയും നടന്ന് നദിയിലുള്ള പാറയിൽ കയറുകയും , ഫോട്ടോ എടുക്കുന്നതിനുള്ള ശ്രമത്തിനിടയിൽ 5 കുട്ടികൾ പാറയിൽ നിന്നും വഴുതി വീണ് ഒഴുകി സമീപത്തുള്ള കയത്തിൽ മുങ്ങി മരിക്കുകയുമുണ്ടായി. ഇതിനെത്തുടർന്ന് 31.12.2012-ൽ ജില്ലാ സബ് കളക്ടർ മുളങ്കുഴി ഇക്കോടൂറിസം പ്രദേശം സന്ദർശിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും, തുടർന്ന് ജില്ലാ കളക്ടറുടെ ചേംബറിൽ നിന്ന മീറ്റിംഗിൽ ഇക്കോ ടൂറിസം പോയിന്റിലേക്കുള്ള സന്ദർശനം നിരോധിക്കുവാൻ കാലടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. ടി ഇക്കോ ടൂറിസം പോയിന്റ് അപകടമേഖലയായതുകൊണ്ടാണ് സന്ദർശകർക്ക് പ്രവേശിക്കുവാൻ അനുവാദം നൽകാത്തത്. |
| (ബി) അനുവാദം എന്നത്തേക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) മുളങ്കുഴി വനസംരക്ഷണ സമിതിയുടെ ജനറൽ ബോഡി മീറ്റിംഗിൽ ചർച്ച ചെയ്ത് നിലവിൽ അപകട മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതിനു പുറമെ ആവശ്യമായ കൂടുതൽ മുൻകരുതലുകൾ സ്വീകരിച്ചതിനുശേഷം ഉടൻ സന്ദർശകർക്ക് പ്രവേശനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ